**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **10-10-2024 - ൽ മറുപടിയ്ക്ക്**

**ആധാര രജിസ്ട്രേഷനിലെ അണ്ടർ വാലേഷൻ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില കുറച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ അണ്ടർവാലേഷൻ കേസുകളിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകയിന്മേൽ വൻതുക ഇളവ് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കാസർഗോഡ് ജില്ലയിൽ കോംപൗണ്ടിംഗ് സ്കീമിൽ ഉൾപ്പെടാത്ത അണ്ടർവാല്യുവേഷൻ കേസ്സുകൾക്ക് വലിയ തോതിലുള്ള ഇളവ് നൽകിയിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | സംസ്ഥാനത്തെ വിവിധ ജില്ലാ രജിസ്ട്രാർ ഓഡിറ്റ് ഓഫീസുകളിൽ 01.06.2022 മുതൽ 31.05.2024 വരെയുള്ള രണ്ടുവർഷത്തെ ഇത്തരം കേസുകൾ വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ പരിശോധിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഇത്തരത്തിലുണ്ടായ റവന്യൂ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ ജില്ലാ രജിസ്ട്രാർ ജനറൽ/ ഓഡിറ്റ് ഓഫീസുകളിൽ ഓരോ സാമ്പത്തിക വർഷവും കണക്കാക്കി ആഭ്യന്തര പരിശോധന നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ മേൽപ്രകാരമുള്ള കേസ്സുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 2024-25 ലെ കേന്ദ്ര ബഡ്ജറ്റിൽ ഭൂമി ഇടപാടുകൾ സംബന്ധിച്ച പരിഷ്കാരങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ ആധാര രജിസ്ട്രേഷൻ സംവിധാനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് ആധാര രജിസ്ട്രേഷൻ ഇടപാടുകളുമായി ബന്ധപ്പെട്ട വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ ചുവടെ വിവരിക്കുന്നു.<br>1. രജിസ്ട്രേഷൻ നടപടികൾ കടലാസ് രഹിതമാക്കിക്കൊണ്ട് പൂർണ്ണമായി ഡിജിറ്റൽ രൂപം കൊണ്ട് വരിക.<br>2. രജിസ്ട്രേഷൻ വിവരങ്ങളും ഭൂരേഖ വിവരങ്ങളും സമഗ്രമായി സംയോജിപ്പിക്കുക.<br>3. മുൻകാല ആധാരരജിസ്ട്രേഷൻ രേഖകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാക്കുക. |
| (ഡി) | ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രത്യേക സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ യെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതിനായി | (ഡി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കാൻ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | സ്വീകരിക്കുന്നതാണ്. മേൽ വിവരിച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മുൻകാല ആധാരവിവരങ്ങളുടെ ഡിജിറ്റൈസേഷനുൾപ്പെടെയുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ